LIBRARY ARCHIVES Kerala Legislative Assembly

3. കൈവശഭൂമിക്ക് ഉടമസ്ഥാവകാശം

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : സർ, വയനാട് ജില്ലയിലെ കർഷകരുടെ കൈവശ ഭൂമിക്ക് ഉടമസ്ഥാവകാശം നൽകുന്നതിനുവേണ്ടി കഴിഞ്ഞ അഞ്ച് വർഷമായി പല യോഗങ്ങളും പ്രഖ്യാപനങ്ങളും നടന്നതിന്റെ ഫലമായി കുറേ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്. വയനാട് ജില്ലയിൽ ഭൂനികുതി-പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുവാൻ വേണ്ടി ട്രൈബ്യൂണൽ നിലവിൽ വരികയും 2010 നവംബർ 19-ന് യോഗം ചേർന്നുവെങ്കിലും കൽപ്പറ്റ മണ്ഡലത്തിലെ വെള്ളാർമല, കോട്ടപ്പടി, കരിയോട്, അമ്പലവയൽ വില്ലേജുകളിലെ പല കർഷകരുടെയും പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടില്ല. അത് ചർച്ചയ്ക്ക് എടുത്തില്ല. അതിന് വ്യാപകമായ ആക്ഷേപം ഉണ്ടായിട്ടുണ്ട്. അങ്ങയുടെ പാർട്ടി തന്നെ ഇക്കാര്യത്തിൽ നിവേദനം നൽകിയിട്ടുണ്ട്. 100 കണക്കിന് കർഷകരുടെ പ്രശ്നങ്ങളാണ്. അതുകൊണ്ട് ഇതിനുവേണ്ടി രൂപീകരിച്ച ലാന്റ് ട്രൈബ്യൂണൽ, ജോയിന്റ് വെരിഫിക്കേഷൻ നടത്തുമ്പോൾ ഇവിടെ പറഞ്ഞ നാല് സ്ഥലങ്ങളിലെ കർഷകരുടെ പ്രശ്നങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് ജോയിന്റ് വെരിഫിക്കേഷൻ നടത്താനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും തയ്യാറാകണം. അതുപോലെതന്നെ ലാന്റ് ട്രിബ്യൂണലിന് ആവശ്യമായ ജീവനക്കാരെ നൽകാത്തതുകൊണ്ട് ഈ പ്രവർത്തനങ്ങളൊന്നും തന്നെ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നില്ല. അതിനു വേണ്ട നിലപാടുകൂടി സ്വീകരിച്ചുകൊണ്ട് ഈ പ്രശ്നങ്ങൾ പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, ലാന്റ് ട്രൈബ്യൂണലിന്റെ പുതിയ ഓഫീസുകൾ രണ്ട് ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിൽ പുതിയ ജീവനക്കാരെക്കൂടി നിയമിച്ചുകൊണ്ട് ആരംഭിച്ചു. പോസ്റ്റ് ചെയ്തതിൽ കുറച്ച് ജീവനക്കാർ വന്നിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എത്രയുംവേഗം അവരും കൂടി ജോയിൻ ചെയ്യുന്നതാണ്. ശ്രീ. എം. വി. ശ്രേയാംസ് കുമാർ ഇവിടെ ഉന്നയിച്ച പ്രദേശങ്ങൾ കൂടി ഈ ഭൂമി പ്രശ്നത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള ഉത്തരവ് കൊടുക്കാം. ഈ പ്രശ്നം പരിഹരിക്കാൻ സഹായകരമായ ഒരു നിലപാട് അവിടെ ഉണ്ടായിട്ടുണ്ട്. അങ്ങയുടെ കൂടി സഹായത്തോടെ നമുക്ക് പ്രശ്നങ്ങൾ പരിഹരിക്കാം.

4. മിച്ചഭൂമി വിതരണം

ശ്രീ. ബാബു പോൾ : സർ, മൂവാറ്റുപ്പുഴ താലൂക്കിലെ ഭൂരഹിതരും കർഷകത്തൊഴിലാളി സംഘടനകളും വർഷങ്ങളോളം നടത്തിയ പ്രക്ഷോഭങ്ങളുടേയും നിരന്തരമായ നിയമനടപടികളുടേയും ഫലമായി മൂവാറ്റുപ്പുഴ വില്ലേജിലെ 16 ഏക്കർ മിച്ചഭൂമിയാണ് ശ്രീ. ഐപ്പ് ജോസഫിൽനിന്നും 14-1-2010-ൽ താലൂക്ക് ലാന്റ് ബോർഡ് ഏറ്റെടുത്തത്. എന്നാൽ ഒരു വർഷം കഴിഞ്ഞിട്ടും ഈ മിച്ചഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാത്തത് തികച്ചും ഖേദകരമാണ്. ലാന്റ് ബോർഡിൽനിന്നും അനുമതി ലഭിക്കണമെന്നാണ്